**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ മരാമത്ത് പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡ്സ്,ബിൾഡിംഗ്സ്, മെയിന്റനൻസ് കെ.ആർ.എഫ്.ബി, എന്നീ വിഭാഗങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃർത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | **നിരത്തുകൾ**<br><br>നിലവിൽ നിരത്ത് വിഭാഗത്തിന് കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ<br><br>1. ശബരിമല ഫെസ്റ്റിവൽ 2024-25 -(BM & BC ഉപയോഗിച്ച് നവീകരണം - 1.200 കി മീ) ഹരിപ്പാട് ടിബി ജംഗ്ഷൻ - വെള്ളംകുളങ്ങര റോഡ് ch 0/000 മുതൽ 1/200 വരെ BM പൂർത്തീകരിച്ചു.<br><br>2. ജനറൽ-എസ്.ആർ. പ്രവൃത്തികൾ 2024-25- പ്രതിമുഖം - നെൽപുരക്കടവ് റോഡിൽ ch.0/680 മുതൽ 0/800 വരെയും ടിബി ജംഗ്ഷൻ - വെള്ളാംകുളങ്ങര റോഡ് ch 0/00 മുതൽ 0/180 വരെയും ഓടയും കവറിംഗ് സ്ലാബിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**നിരത്ത് പരിപാലനം**<br><br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**കെ.ആർ.എഫ്.ബി - പി.എം.യു**<br><br>പ്രവൃത്തികളുടെ പുരോഗതി അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**കെ.എസ്.ടി.പി**<br><br>12.08.2021-ൽ എഗ്രിമെന്റ് വച്ച 69.07.കോടി രൂപ കരാർതുകയുള്ള 7 വർഷ കാലാവധിയുള്ള OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ തൃക്കുന്നപ്പുഴ-തട്ടാരമ്പലം റോഡിലെ 7 കി.മീ. റോഡാണ് ഹരിപ്പാട് മണ്ഡലത്തിലൂടെ കടന്നു |

| | | | |
|---|---|---|---|
| | | | പോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 55 ശതമാനം ആണ്.<br><br>**<u>ആർ.ബി.ഡി.സി.കെ</u>**<br><br>ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മണ്ഡലത്തിൽ നങ്ങ്യാർകുളങ്ങര ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 19.04.2018 ലെ G.O.(Rt) No. 718/2018/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും, ആർ.ബി. ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠന ങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും, 37.28 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് 11.07.2022 ന് GADക്ക് റെയിൽവേ അംഗീകാരം ലഭിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | കൊടുന്താർ- മേൽപ്പാടം പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 10.07.2017 തീയതിയിലെ GO(Rt) No.942/2017/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 13.03.2024 ൽ കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കലിനായി 1.39 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ ഭാഗമായി 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.എഫ്.ബി - പി.എം.യു വും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തു. 10.06.2025 തീയതിയിൽ 34.65 ലക്ഷം രൂപയുടെ കണ്ടിജൻസി തുക എൽ.എ.ഒ യ്ക്ക് കൈമാറിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. |
| (സി) | മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; ഈ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജമണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി ലീഡിങ് ചാനലിന് കുറുകെയാണ് മുതലകുറിച്ചിക്കൽ പാലം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. പൂർത്തീകരിക്കാനുള്ള രണ്ടു സ്പാനുകളിൽ ഒന്നിന്റെ (Voided slab) കോൺക്രീറ്റ് വർക്കുകൾ പൂർത്തീകരിച്ചു. ബോ സ്ട്രിങ് അർച്ച് സ്ലാബിന്റെ ബീമുകൾ കോൺക്രീറ്റ് ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. ബോ സ്ട്രിങ് ആർച്ചിന്റെയും, ഡക്ക് സ്ലാബിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു . കരുവാറ്റ ഭാഗത്ത് 75.00 മീറ്റർ നീളത്തിലും കുപ്പപ്പുറം ഭാഗത്ത് 475.00 മീറ്റർ നീളത്തിലും അപ്രോച്ച് റോഡുകളാണ് |

| | | | |
|---|---|---|---|
| | | | ഈ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ഡി) | ഹരിപ്പാട് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പിഡബ്ല്യുഡി വകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ? | (ഡി) | **കെട്ടിട വിഭാഗം**<br><br>അനുബന്ധം 4 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1 കെട്ടിട വിഭാഗം

| Sl.No | Name of Work | AS No. & Amount | Current Status |
|---|---|---|---|
| 1 | എരിക്കാവ് യു.പി.എസ് പുതിയ കെട്ടിട നിർമ്മാണം | G.O Rt No.1372/2024 dtd. 19/02/2024 85 Lakhs | ഒരു കോടി രൂപ വിനിയോഗിച്ചുള്ള താഴത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ചു. 85 ലക്ഷം രൂപ വിനിയോഗിച്ചുള്ള ഒന്നാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 2 | ഹരിപ്പാട് താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിന്റെ മുകളിലത്തെ നിലകളുടെ നിർമ്മാണം | MC2/18231/2022/DHS dtd.10/11/2022 Amt.21565382/- | 26-12-2025 ന് കരാറുകാരന് സൈറ്റ് കൈമാറി. ഡയാലിസിസ് യൂണിറ്റിന്റെ താഴത്തെ നിലയുടെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലുള്ള ക്രമീകരണങ്ങൾ നടത്തിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ് |
| 3 | മുതുകുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പുതിയ കെട്ടിട നിർമ്മാണം | G.O (Rt)No.1368/2025/PWD dtd.TVPM.18/09/2025 500 lakhs | 5 കോടിയുടെ ഭരണാനുമതിലഭിച്ചു. ഭാഗികസാങ്കേതികാനുമതിയോടെ മണ്ണ് പരിശോധന നടത്തി. സ്ട്രക്ചറൽ ഡിസൈൻ പുരോഗമിക്കുന്നു. |
| 4 | ചെറുതന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പുതിയ കെട്ടിട നിർമ്മാണം | G.O(Rt)No.1483/2025/H&FWD dtd.30.05.2025 500 lakhs | 5 കോടിയുടെ ഭരണാനുമതിലഭിച്ചു. ഭാഗികസാങ്കേതികാനുമതിയോടെ മണ്ണ് പരിശോധന നടത്തി. സ്ട്രക്ചറൽ ഡിസൈൻ പുരോഗമിക്കുന്നു. |
| 5 | പൊത്തപള്ളി ഗവ.എൽ.പി.എസ് പുതിയ കെട്ടിട നിർമ്മാണം | G.O(Rt) No.1126/2020GEDN dtd.04/03/2020 100 lakhs | സൈറ്റ് കൈമാറി, സെറ്റ് ഔട്ട് പ്രവൃത്തികൾ ആരംഭിച്ചു |
| 6 | കാർത്തികപ്പള്ളി IHRD കോളേജ് ഓഫ് അപ്ലൈഡ്സയൻസിന്റെ രണ്ടാം നിലയുടെ നിർമ്മാണം | G.O(Rt)no.702/2022/HEDN Dtd.17/05/2025 172.119 lakhs | റൂഫ് ഷട്ടറിംഗ് വർക്ക്പുരോഗമിക്കുന്നു |
| 7 | നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ശ്രീ.രമേഷ് ചെന്നിത്തല എം.എൽ.എ-കാർത്തിക പ്പള്ളി IHRD കോളേജിൽ പ്രധാന കെട്ടിടത്തിന്റെ മൂന്നാം നിലയുടെ നിർമ്മാണം | ADS/ALP/1092/2025-G4 dtd.20/06/2025 99.86 lakhs | അബ്ദുൾറാസിഖ് എന്ന കരാറുകാരന് 15/01/2026 ൽ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട് |
| 8 | തൃക്കുന്നപ്പുഴ ഗവ.എൽ.പി.എസ് | G.O(Rt)No.1355/2023/GEDN. Dtd.17/02/2023 200 lakhs | ഫിനിഷിങ്ങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 70% പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | പുതിയ കെട്ടിട നിർമ്മാണം | | |
| 9 | ഹരിപ്പാട്ഫയർ സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം | 230 lakhs | മണ്ണ് പരിശോധന പുരോഗമിക്കുന്നു |
| 10 | ആയാപറമ്പ് HSS പുതിയ കെട്ടിട നിർമ്മാണം | G.O(Rt)No.882/2023/GEDN. Dtd.31/01/2023 390 lakhs | ഒന്നാം നിലയുടെ കോൺക്രീറ്റ് പുരോഗമിക്കുന്നു |
| 11 | ഹരിപ്പാട് ഗേൾസ് HSS പുതിയ കെട്ടിട നിർമ്മാണം | G.O(Rt)No.585/2023/GEDN. Dtd.24/01/2023 100 lakhs | ഒന്നാം നിലയുടെ കോൺക്രീറ്റ് പൂർത്തീകരിച്ചു |
| 12 | PWD റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ നിർമ്മാണം | G.O(Rt)No.384/2024/PWD Dtd.16/03/2024 100 lakhs | പൂർത്തീകരണത്തോട് അടുക്കുന്നു |
| 13 | കുമാരപുരം വെറ്റിനറി ഡിസ്പെൻസറി നിർമ്മാണം | AHD/2137/2025/M2 Dtd.24/03/2025 50 lakhs | കരാറുകാരൻ എഗ്രിമെന്റ് വെക്കാത്തതിനാൽ പുതിയതായി ടെൻഡർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 14 | ആറാട്ടുപുഴ വില്ലേജ് ഒഫീസ് നിർമ്മാണം | G.O(Rt)No.204/2025/RD Dtd.24/01/2025 45 lakhs | ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | വീയപുരം വില്ലേജ് ഓഫീസ് നിർമ്മാണം | G.O(Rt)No.204/2025/RD Dtd.24/01/2025 45 lakhs | സോളിഡ്ബ്ലോക്ക് പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 16 | തൃക്കുന്നപ്പുഴ ആത്മവിദ്യാസംഘം എൽ.പി.എസ് പുതിയ കെട്ടിട നിർമ്മാണം | G.O(Rt)No.7147/2025/GEDN Dtd.22/09/2025 100 lakhs | മണ്ണ് പരിശോധനയ്ക്കായി കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട് |

# അനുബന്ധം 2 നിരത്ത് പരിപാലനം

| ക്രമ നം | പ്രവൃത്തി | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | General RM 2025-26 – റണ്ണിംഗ് കോൺട്രാക്ട് - Cluster 1 – ആലപ്പുഴ ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് സെക്ഷൻ ഹരിപ്പാട് സോൺ–1 ൽ പ്പെടുന്ന 3 റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കരാർ പ്രവർത്തികൾ (ആകെ 5.70 കി.മീ. ദൈർഘ്യം) | ഭരണാനുമതി നമ്പർ & തുക – GO(Rt)No.1122/2025/PWD dated 28/07/2025 തുക – 34.00 ലക്ഷം | നിലവിൽ 4 തവണ ഈ പ്രവർത്തിക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. |
| 2 | 2. General RM 2025-26 – റണ്ണിംഗ് കോൺട്രാക്ട് - Cluster 1 – ആലപ്പുഴ ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് സെക്ഷൻ ഹരിപ്പാട് സോൺ–2 ൽ പ്പെടുന്ന 3 റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കരാർ പ്രവർത്തികൾ (ആകെ 8.10 കി.മീ. ദൈർഘ്യം) | ഭരണാനുമതി നമ്പർ & തുക – GO(Rt)No.1122/2025/PWD dated 28/07/2025 തുക – 54.00 ലക്ഷം. | നിലവിൽ 4 തവണ ഈ പ്രവർത്തിക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. |

# അനുബന്ധം 3 - കെ.ആർ.എഫ്.ബി - പി.എം.യു

| ക്രമ നം | പ്രവൃത്തി | പുരോഗതി |
|---|---|---|
| 1 | പള്ളിപ്പാട് കൊടുന്താർ മേൽപ്പാടം പാലം | പ്രസ്തുത പ്രവൃത്തിക്ക് 10.07.2017 തീയതിയിലെ GO (Rt) No.942/2017/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 13.03.2024ൽ കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കലിനായി 1.39 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ ഭാഗമായി 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.എഫ്.ബി - പി.എം.യു വും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തു. 10.06.2025 തീയതിയിൽ 34.65 ലക്ഷം രൂപയുടെ കണ്ടിജൻസി തുക എൽ.എ. ഒ യ്ക്ക് കൈമാറിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധികരിക്കേണ്ടതുണ്ട്. |
| 2 | പത്തിയൂർ പാലം | ഭഗവതിപ്പടി - കരീലകുളങ്ങര റോഡ് നിർമാണ പ്രവൃത്തിക്ക് 20.08.2016 തീയതിയിലെ GO(RT)No.1192/2016/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 01.01.2018 ൽ കിഫ്ബിയിൽ നിന്നും 20.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. മേൽ പ്രവർത്തിയിൽ 8.45 km റോഡ്, പത്തിയൂർ പാലത്തിന്റെ പുനർനിർമാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ പത്തിയൂർ പാലം ഒഴികെ ഉള്ള പ്രവർത്തികൾ എല്ലാം 10.01.2022 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് ഭഗവതിപ്പടി - കരീലകുളങ്ങര റോഡിലെ പത്തിയൂർ പാലം പുനർനിർമ്മാണത്തിന് 29.01.2024 തീയതിയിൽ 2.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് 18.11.2024 ന് കരാറുകാരനുമായി കരാർ ഒപ്പുവെയ്ക്കുകയും 28.11.2024 തീയതിയിൽ സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. നിലവിൽ പാലം നിർമാണ പ്രവർത്തികൾ പൂർത്തിയാക്കുകയും അപ്രോച്ച് റോഡിൻറെ നിർമാണം പുരോഗമിച്ചു വരികയുമാണ്. |
| 3 | കോസ്റ്റൽ ഹൈവേ സ്ട്രെച്ച് -1 - വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെ | ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേയുടെ ഒന്നാമത്തെ റീച്ച് ആയ വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെയുള്ള റോഡിൽ തീരദേശ ഹൈവേയുടെ മാനദണ്ഡ പ്രകാരം |

| | | |
|---|---|---|
| | | സ്ഥലമേറ്റെടുക്കുന്നതിനായി 20.08.2022 -ൽ 142.57 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഈ റീച്ചിന്റെ ഭാഗമായി വരുന്ന തൃക്കുന്നപ്പുഴ മുതൽ മതുക്കൽ വരെയുള്ള ഭാഗത്തെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ഈ ഭാഗത്തെ പബ്ലിക് ഹിയറിങ് 04.04.2025 തീയതിയിൽ നടക്കുകയും ചെയ്തു. വിദഗ്ധ സമിതി യോഗം 27.06.2025 ൽ ചേർന്നു. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു |

# അനുബന്ധം 4 കെട്ടിട വിഭാഗം

ഡി) ഹരിപ്പാട് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| Name of Work | AS No & Amount | Current Status |
|---|---|---|
| നിയോജക മണ്ഡല ആസ്തിവികസന പദ്ധതി. ശ്രീ.രമേഷ് ചെന്നിത്തല എം.എൽ.എ-കാർത്തികപ്പള്ളി IHRD കോളേജിൽ പ്രധാന കെട്ടിടത്തിന്റെ മൂന്നാം നിലയുടെ നിർമ്മാണം | ADS/ALP/102/2025-G 4 Dtd.20/06/2025 99.86 lakhs | അബ്ദുൽറാസിഖ് എന്ന കരാറുകാരന് 15/01/2026 ൽ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട് |